## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം
## (ഹാജർ ഡോ.കെ. വാസുകി ഐ.എ.എസ്)

വിഷയം:- തസ്വഭവ - ശുചിത്വമിഷൻ - തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ ദ്രവമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിലേക്കും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കും ഏജൻസികളെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 14.12.2016, 15.12.2016 എന്നീ തീയതികളിൽ ശുചിത്വമിഷനിൽ വച്ച് കൂടിയ സാങ്കേതിക സമിതിയുടെ തീരുമാനം

**ഉത്തരവ് നം. 1198/ജി/2016/എസ്.എം.** **തീയതി:21/02/2017**

ദ്രവമാലിന്യ സംസ്കരണ മേഖലയിൽ പ്രോജക്ട് നിർവഹണത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള സേവനം നൽകുന്നതിലേയ്ക്ക് സൂചന പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികളെ 2017 ഫെബ്രുവരി 10 മുതൽ ഒരു വർഷത്തേയ്ക്ക് താഴെ പറയുന്ന നിബന്ധനകളോടെ എംപാനൽ ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. എന്നാൽ ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം, പ്രോജക്ട് നിർവഹണത്തിനായി എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾ സ്ഥാപിച്ച പ്ലാന്റിന്റെ പ്രവർത്തന പരിശോധന നടത്തുന്ന വേളയിൽ തൃപ്തികരമായി കാണാത്തപക്ഷം അത്തരം ഏജൻസികൾക്ക് നൽകിയ അംഗീകാരം പുനപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**നിബന്ധനകൾ**

1. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ഓഫർ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കളെയും രേഖാമൂലം അറിയിക്കേണ്ടതാണ്
2. സേവനദാതാക്കൾ അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവനമേഖലയിൽ മാത്രം പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. ഏതെങ്കിലു മൊരു പ്രോജക്ടിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്ന ഏജൻസി അതേ പ്രോജക്ടിന്റെ നിർവഹണ സേവനദാതാവാകുവാൻ പാടുള്ളതല്ല.
3. പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി സേവനദാതാക്കൾ നടപ്പാക്കേണ്ട പദ്ധതിക്ക് ഭരണാനുമതി, സാങ്കേതികാനുമതി, ധനാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് സേവന ദാതാക്കൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
4. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ്സ് ആന്റ് സ്പെസിഫിക്കേഷൻസ് നിർബന്ധമായും എല്ലാ

സേവനദാതാക്കളും പാലിക്കേണ്ടതാണ്. അതോടൊപ്പം നിയമപരമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പദ്ധതിക്ക് ലഭ്യമാക്കേണ്ട അനുമതി ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്.

5. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ഗുണഭോക്താക്കളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കാണുന്നതാണ്.
6. സേവനദാതാക്കളുടെ കാലാവധി 2017 ഫെബ്രുവരി 10 മുതൽ ഒരു വർഷത്തേക്കായിരിക്കുന്നതും ആയതിന് ശേഷം യോഗ്യതാനിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതുമാണ്
7. സേവനദാതാക്കൾക്ക് അംഗീകാരം പുതുക്കി ലഭിക്കുന്ന പക്ഷം എല്ലാ വർഷവും ജനുവരി 31-ന് മുമ്പായി തങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തി വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്
8. സേവനദാതാക്കൾ മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം യാതൊരു അറിയിപ്പും കൂടാതെ ഏതൊരു സമയത്തും ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
9. കേരള സർക്കാർ/ശുചിത്വമിഷൻ ഈ മേഖലയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും സേവനദാതാക്കൾക്ക് ബാധകമായിരിക്കും.
10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന പ്ലാന്റുകളുടെ O&M കുറഞ്ഞത് 10 വർഷമെങ്കിലും ഏറ്റെടുത്ത് നടപ്പാക്കാൻ സേവനദാതാക്കൾ തയ്യാറായിരിക്കണം.
11. 10 വർഷം O&M ഏറ്റെടുത്ത് നടപ്പാക്കിയതിനു ശേഷം വീണ്ടും തുടർന്നുള്ള വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ ബന്ധപ്പെട്ട സ്ഥാപനം ആവശ്യപ്പെടുന്നുണ്ടെങ്കിൽ തുടർന്നും സേവനദാതാക്കൾ നേരിട്ട് O&M നടപ്പാക്കേണ്ടതാണ്.
12. ആയതിലേക്ക് LSGI യുമായി കരാറിലേർപ്പെടുമ്പോൾ ആവശ്യമായ തുക ശുചിത്വമിഷന്റെ അംഗീകാരത്തോടെ തദ്ദേശസ്ഥാപനത്തിൽ നിന്നും സ്വീകരിക്കാവുന്നതാണ്.
13. DPR തയ്യാറാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾ നിലവിൽ ഉത്പാദിപ്പിക്കപ്പെടുന്നതും ഭാവിയിൽ ഉണ്ടാകാൻ

സാദ്ധ്യതയുള്ളതുമായ ദ്രവമാലിന്യത്തിന്റെ തോത് കൂടി കണക്കിലെടുത്തു വേണം DPR തയ്യാറാക്കേണ്ടത്.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് നിർവഹണത്തിനായും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഏജൻസികളെയും രേഖാമൂലം അറിയിച്ച് മത്സരാധിഷ്ഠിത ടെന്റർ പ്രക്രിയ പാലിച്ചുകൊണ്ടുവേണം അതാത് കാര്യത്തിലേക്കുള്ള ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

ഉള്ളടക്കം: ഏജൻസികളുടെ ലിസ്റ്റ്

പകർപ്പ്:- 1. പഞ്ചായത്ത് ഡയറക്ടർ (അറിവിലേയ്ക്ക്)
2. നഗരകാര്യ ഡയറക്ടർ (അറിവിലേയ്ക്ക്)
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. ബന്ധപ്പെട്ട എല്ലാ സേവനദാതാകൾക്കും
6. കില, മുളങ്കുന്നത്തുക്കാവ്, തൃശൂർ
7. എസ്.ഐ.ആർ.ഡി, കൊട്ടാരക്കര
8. വെബ്സൈറ്റ്
9. ഓഫീസ് കോപ്പി/കരുതൽ ഫയൽ

## Shortlisted agencies for Service Providers in Liquid Waste Management

| Sl. No. | Name of the Agency | Enlisted Area |
|---|---|---|
| 1 | Ultra Tech Environmental Consultancy & laboratory<br>Kochi, 27/2957 A1,<br>Vanimpilly K P Vallon Road,<br>Kadavanthra, Kochi – 682020<br>Tel: 022-25342776/25380198<br>sales@ultratech.in | Effluent Treatment Plant, Sewage Treatment Plant, Water Treatment Plant |
| 2 | Prism Automations<br>Fathima Complex, 3/1053-LM,<br>Panikkar Road, Opp SI Flat,<br>Near 6th Railway Gate, Calicut-673011<br>Tel: +91 495 2361292<br>Mob: 9447127032<br>info@prismautomations.com | Effluent Treatment Plant, Sewage Treatment Plant |
| 3 | Ener Green solutions<br>Kunnummal Complex,<br>Z.C.North Road,<br>Chalappuram (P.O)<br>Calicut – 673002<br>Tel: 0495-2304027<br>ceo@energreen.in | Effluent Treatment Plant, Sewage Treatment Plant, Water Treatment Plant |
| 4 | Hi-Tech Bio Fertilizers India<br>34/1841 A1, Edappally,<br>Ernakulam-682024<br>Tel: 0484 2533321<br>Mob: 9447033360, 9446523365<br>hitech_biomanurals@yahoo.co.in | Sewage Treatment Plant |
| 5 | M-way Consultants & Developers P.Ltd<br>Hiba Annexe,Pada:North,<br>Karunagappally,<br>Kollam-690518<br>Tel:0476-2621388, 9447124388<br>mwayconsultants@gmail.com | Sewage Treatment Plant |
| 6 | Green Method Engineering (P) Ltd<br>19/195A1, ATC Building, Moolepadam Nagar Road, HMT Junction,<br>Kalamassery P O, Cochin- 683104<br>Tel: 0484 2555336<br>Fax: 0484-25443985<br>Mob: 9846707935<br>mail@greenmethodengineering.com | Effluent Treatment Plant, Sewage Treatment Plant, Waste Water Treatment Plant |

| Sl. No. | Name of the Agency | Enlisted Area |
|---|---|---|
| 7 | Molecules Enviro Care<br>1st Floor KKM Building,<br>T.A Ali Akbar road,<br>Near GDM, Kayankulam,<br>Alappuzha – 690502<br>Tel: 0479-2444005, 9447792843<br>moleculesenvirocare@gmail.com | Effluent Treatment Plant, Sewage Treatment Plant, Water Treatment Plant |
| 8 | Pentagon Engineering and Contracting Company<br>Kasji Tower, 37/375 Al,<br>Behind Cusat Metrostation,<br>NH 47, Ernakulam- 33<br>Tel: 0484-2559174, Mob: 9947187037<br>chemecolabs@gmail.com | Effluent Treatment Plant, Water Treatment Plant |
| 9 | Environmental Solutions<br>NH-47, Parambayam,<br>Nedumbassery, Eranakulam- 683585<br>Tel: 0484-2606058, 9447030856<br>Mail4cleanwater@gmail.com | Effluent Treatment Plant, Sewage Treatment Plant |
| 10 | Northamps ENV Solution<br>Naduvileveetil Building,<br>Irumpanam, Cochin- 682309<br>Tel: 04844038766<br>Mob: 9895463766<br>northampsenvsolution@gmail.com | Effluent Treatment Plant, Water Treatment Plant |
| 11 | Aqua Techsole establishment<br>XV-485, KSRTC Road,<br>Perumbavoor, Eranakulam – 683542<br>Mob: 8282736250, 7558002180<br>aquawatertechpbvr@gmail.com<br>info@jessintl.com | Sewage Treatment Plant, Water Treatment Plant |
| 12 | Areena Hygiene Solutions Pvt Ltd<br>2nd Flooor, Door no: 1/3724 F,<br>Absonz Arcade, Nadakkavu p.o,<br>Calicut – 673011<br>Tel: 0495- 2761333, 8089050124<br>areenahygienesolutions@gmail.com | Effluent Treatment Plant, Sewage Treatment Plant, Water Treatment Plant |
| 13 | Hydriad Waste Management System<br>Maravantha, Kavanchery, Tirur, Malappuram 676561<br>Office : 9895853745<br>Cust Care: 9645400045, 9946400045<br>hydriadtirur@gmail.com | Effluent Treatment Plant, Sewage Treatment Plant, Water Treatment Plant, Common Effluent Treatment Plant |

| Sl. No. | Name of the Agency | Enlisted Area |
|---|---|---|
| 14 | Panickers Trading Company<br>Thattarayathu Bldg, Vadakkumthala PO,<br>Kuttivattam, Karunagappally,<br>Kollam – 690536<br>Mob: 8606666659, 8606900000 | Sewage Treatment Plant |
| 15 | Confident Engineering India(P)Ltd.<br>S.F.No:678/1, Kurichi Village,<br>Madukkarai Road,<br>Sidco Industrial Estate Post,<br>Coimbatore – 641021<br>Tel: 91-422-2930405, 8930410<br>confidentindia@gmail.com | Effluent Treatment Plant, Sewage Treatment Plant |

## Shortlisted agencies for DPR preparation in Liquid Waste Management

| Sl. No. | Name of the Agency |
|---|---|
| 1 | Manu Creations<br>Kadavanthra, Kochi- 682020<br>Tel: 0484 2313726, 9388605949<br>manucreate@gmail.com |
| 2 | Ultra Tech Environmental Consultancy & laboratory<br>Door No27/2957 A1, First Floor,<br>Vaniampilly, K P Vallon Road,<br>Kadavanthara, Kochi- 682020<br>Tel: 0484 4011173, +91 9895200526 |
| 3 | Sens Wasser Solutions & co.<br>1945A, Pampayimoola,<br>EdaKochi (P.O) Kochi- 682006<br>Tel: 0484-3109321, 09645080692, 93<br>senswasser@reddiffmail.com |

| Sl. No. | Name of the Agency |
|---|---|
| 4 | Global Labs and Consultants<br>Global House, Karakattukunnu,<br>Mekad P.O, Nedumbassery- 683589<br>Tel: 0484-2476845<br>Mob: 9562800850/9446429151<br>globalabs@yahoo.co.in |
| 5 | Mantras Green Resources Ltd<br>Hall No 1, First Floor , NICE Sankul,<br>ITI Signal, Nashik-422007<br>Tel: +91 253-2355086,2355665<br>Mob: 8888824935, Fax: +91 253-2316781<br>info@mantrasresources.com |
| 6 | Kitco Ltd<br>Femith's, P B No. 4407, Puthiya Road,<br>NH Bypass, Vennala, Kochi-682 028<br>Tel: 91-484-4129000/2805033<br>Fax: 91- 484- 2805066<br>Mob: +91-9946141767<br>mail@kitco.in |
| 7 | Ram Biologicals<br>1/3442-E, Ayswarya Mansion,<br>1st Floor, west hill PO, Calicut-673005<br>Tel: 0495-2380333, 9446048233<br>rambiol@rediffmail.com |
| 8 | Inkel Limited<br>Door No 7/473ZA-5&6, 2nd Floor,<br>Ajiyal Complex, Kakkanad, Cochin-682030<br>Tel: 0484 6491198<br>info@inkel.in |
| 9 | Confident Engineering India (P)Ltd<br>S.F.No:678/1, Kurichi Village,<br>Madukkarai Road,<br>Sidco Industrial Estate Post,<br>Coimbatore – 641021<br>Tel: 91-422-2930405, 8930410<br>confidentindia@gmail.com |

Executive Director